19|01|23

# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം

## തിരുവനന്തപുരം 695 001

ഫോൺ: 0471 2335199, ഫാക്സ്: 0471 2330920

E-mail: sic.ker@nic.in

**ഹർജി നമ്പർ AP.1822*(2)/2020*/എസ്.ഐ.സി തീർപ്പ് കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം**

**(ഫയൽ നമ്പർ 15312/എസ്.ഐ.സീ-ജി6/2020)**

**സന്നിഹിതൻ**

**ഡോ. കെ. എൽ. വിവേകാനന്ദൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ**

ശ്രീമതി. ജയശ്രീ,
ചാണിവെളിയിൽ,
മുഹമ്മ(പി.ഒ), എം.പി. വാർഡ് നം. 12,
ആലപ്പുഴ. } ഹർജിക്കാരി

Vs

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ,
   മുല്ലക്കൽ വില്ലേജ് ഓഫീസ്,
   ആലപ്പുഴ - 688 011.

2. അപ്പീൽ അധികാരി & തഹസിൽദാർ (ഭൂരേഖ),
   അമ്പലപ്പുഴ താലൂക്ക് ഓഫീസ്,
   ആലപ്പുഴ - 688 013.

} എതിർകക്ഷികൾ

| | |
|---|---|
| 6(1) പ്രകാരമുള്ള അപേക്ഷാ തീയതി | 21/10/2020 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | 11/11/2020 |
| ഒന്നാം അപ്പീൽ അപേക്ഷാ തീയതി | 25/11/2020 |
| ഒന്നാം അപ്പീൽ അപേക്ഷ തീർപ്പാക്കിയ തീയതി | 30/12/2020 |
| കമ്മീഷനിൽ അപ്പീൽ സമർപ്പിച്ച തീയതി | 29/12/2020 |
| കമ്മീഷനിൽ അപ്പീൽ കൈപ്പറ്റിയ തീയതി | 31/12/2020 |
| ഹിയറിംഗ് നടന്ന തീയതി :<br>സ്ഥലം : | 06/12/2022<br>വീഡിയോ ഹിയറിംഗ് |
| ഹിയറിംഗിലെ സാന്നിദ്ധ്യം : അപ്പീൽ ഹർജിക്കാരി<br>എസ്.പി.ഐ.ഒ | ഹാജരായി (Sidharthan)<br>ഹാജരായി |

## ഉത്തരവ്

സംസ്ഥാന വിവരാവകാശ കമ്മീഷൻ മുമ്പാകെ വിവരാവകാശ നിയമം 19(3) വകുപ്പ പ്രകാരം അപ്പീൽ ഹർജിക്കാരിയായ ശ്രീമതി. ജയശ്രീ 29/12/2020 തീയതി സമർപ്പിച്ച അപ്പീൽ ഹർജി 31/12/2020 തീയതി കമ്മീഷൻ ഓഫീസിൽ ലഭിക്കുകയും ആയത് AP No. 1822(2)/2020/SIC ആയി ഫയലിൽ സ്വീകരിക്കുകയും ചെയ്തു.

2. അപ്പീൽ ഹർജിക്കാരി കമ്മീഷൻ മുമ്പാകെ സമർപ്പിച്ച അപ്പീൽ ഹർജിയിൽ ബോധിപ്പിച്ചത്, വിവരാവകാശ അപേക്ഷയ്ക്കും ഒന്നാം അപ്പീലിനും മറുപടി ലഭ്യമാക്കിയില്ല എന്ന ആക്ഷേപമാണ്.

3. ഒന്നാം എതിർകക്ഷി മുമ്പാകെ 21/10/2020-ന് ഹർജിക്കാരി നൽകിയ അപേക്ഷയിൽ ആവശ്യപ്പെട്ടത് 910/3K/2 സർവ്വെ നമ്പർ വസ്തുവിന്റെ BTR-ന്റെയും തണ്ടപ്പേർ രജിസ്റ്ററിന്റെയും ശരിപ്പകർപ്പും, ടി വസ്തു ഇപ്പോൾ ആരുടെ പേരിലാണെന്നും 910/3A/20, 910/3A/19 എന്നീ സർവ്വെ നമ്പർ വസ്തുവിന്റെ BTR-ന്റെയും തണ്ടപ്പേർ രജിസ്റ്ററിന്റെയും ശരിപ്പകർപ്പും, ടി സർവ്വെ നമ്പർ വസ്തുക്കൾ ആരുടെ പേരിലാണെന്നും മറ്റുമുള്ള വിവരങ്ങൾ ലഭ്യമാക്കണമെന്നാണ്.

മേൽപ്പടി അപേക്ഷയ്ക്ക് 11/11/2020-ന് ഒന്നാം എതിർകക്ഷി മറുപടിയും നൽകിയിട്ടുണ്ട്.

4. 25/11/2020 തീയതി ഹർജിക്കാരി രണ്ടാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപ്പീൽ ഹർജിക്ക് 30/12/2020-ന് മറുപടിയും നൽകിയിട്ടുണ്ട്.

5. 10/02/2021 തീയതി രണ്ടാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചത്, ഹർജിക്കാരി കമ്മീഷൻ മുമ്പാകെ സമർപ്പിച്ച വിവരാവകാശ അപ്പീൽ അപേക്ഷ പരിശോധിച്ചതിൽ അപ്പീൽ കക്ഷി ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച വിവരാവകാശ നിയമപ്രകാരമുള്ള അപേക്ഷയ്ക്ക് എസ്.പി.ഐ.ഒ മറുപടി ലഭ്യമാക്കിയില്ലായെന്ന് കാണിച്ച് ടി ഓഫീസിൽ അപ്പീൽ അപേക്ഷ സമർപ്പിച്ചിരുന്നതും ആയതിൽ തീരുമാനമെടുക്കുന്നതിനായി ബന്ധപ്പെട്ട കക്ഷികളെ 23/12/2020-ൽ നേരിൽ കേൾക്കുവാൻ നിശ്ചയിച്ചിരുന്നതും എന്നാൽ ഒന്നാം എതിർകക്ഷി ഹാജരായി മൊഴി നൽകിയിട്ടുള്ളതും അപ്പീൽകക്ഷി ഹാജരായിട്ടില്ലാത്തതുമാണെന്നാണ്. എസ്.പി.ഐ.ഒ-യെ നേരിൽ കേട്ടതിന്റെയും അപ്പീൽ അപേക്ഷ പരിശോധിച്ചതിന്റെയും അടിസ്ഥാനത്തിൽ 30/12/2020-ലെ നടപടിക്രമം അംഗീകരിച്ചിട്ടുണ്ടെന്നുമാണ്.

6. അപ്പീൽ ഹർജിയും എതിർകക്ഷി സമർപ്പിച്ച റിപ്പോർട്ടും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിലും ഇരുകക്ഷികളെയും നേരിൽ കേട്ടതിലും, എതിർകക്ഷി കമ്മീഷനിൽ സമർപ്പിച്ച റിപ്പോർട്ട് അംഗീകരിച്ചുകൊണ്ടും, ഹർജിക്കാരി സമർപ്പിച്ച വിവരാവകാശ നിയമപ്രകാരമുള്ള അപേക്ഷയിൽ ആവശ്യപ്പെട്ടിരുന്ന ലഭ്യമായ വിവരങ്ങൾ സൗജന്യമായി അയച്ചു നൽകണമെന്നും എതിർകക്ഷിയ്ക്ക് ഹിയറിംഗിൽ കമ്മീഷൻ നിർദ്ദേശം നൽകുകയുണ്ടായ സാഹചര്യത്തിൽ ടി ഹർജിയിന്മേൽ തുടർനടപടികൾ ആവശ്യമില്ലെന്ന് കമ്മീഷൻ ഉത്തരവാകുന്നു.

7. മേൽ പ്രസ്താവിച്ച വസ്തുതകളുടെ അടിസ്ഥാനത്തിൽ ഈ അപ്പീൽ ഹർജി ഇന്നേ ദിവസം 2022 ഡിസംബർ 26-ാം തീയതി കമ്മീഷൻ തീർപ്പാക്കി ഉത്തരവാകുന്നു.

**(ഒപ്പ്)**
**ഡോ. കെ.എൽ. വിവേകാനന്ദൻ**
**സംസ്ഥാന വിവരാവകാശ കമ്മീഷണർ**

**സാക്ഷ്യപ്പെടുത്തിയ പകർപ്പ്**

**ജോയിന്റ് സെക്രട്ടറി (ധനകാര്യം)**

AV